**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം. **6275** **31.10.2011** - ലെ മറുപടിക്ക്

**പട്ടികജാതി പട്ടികവർഗ്ഗ കോളനികളിലെ കുടിവെള്ള പദ്ധതി**

| **ചോദ്യം** | | **ഉത്തരം** |
|---|---|---|
| ശ്രീ.പുരുഷൻ കടലുണ്ടി | | ഡോ.എം.കെ.മുനീർ (പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പ് മന്ത്രി) |
| (എ) ഗ്രാമ പഞ്ചായത്തുകൾക്ക് കൈമാറ്റം ചെയ്യപ്പെട്ടതോ, ഗ്രാമ പഞ്ചായത്തുകൾ തന്നെ ആരംഭിച്ചതോ ആയ കുടിവെള്ള പദ്ധതികളിൽ, ദരിദ്ര പട്ടികജാതി / പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് മാത്രമായുള്ളവരുടെ കറണ്ട് ചാർജ്ജും മറ്റ് നടത്തിപ്പ് ചെലവുകളും വഹിക്കുന്നതിന് ഇപ്പോൾ ഗ്രാമ പഞ്ചായത്തുകൾക്ക് ചുമതലയുണ്ടോ ; | (എ) | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നേരിട്ട് പ്രവർത്തിപ്പിക്കുകയും പരിപാലിക്കുകയും ചെയ്യുന്ന കുടിവെള്ള പദ്ധതികളുടെ വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അവയുടെ മെയിന്റനൻസ് ഗ്രാന്റ്, ജനറൽ പർപ്പസ് ഗ്രാന്റ് അല്ലെങ്കിൽ തനത് ഫണ്ട് ഉപയോഗിക്കാവുന്നതാണ്. എന്നാൽ ഗുണഭോക്താക്കളുടെ സഹായത്തോടെ നടപ്പാക്കാനും പരിപാലിക്കാനും വിഭാവനം ചെയ്തിട്ടുള്ള ജലനിധി, സ്വജൽധാര, ജനകീയാസൂത്രണം / കേരള വികസന പദ്ധതി എന്നിവയുടെ ഭാഗമായി ഏറ്റെടുത്തിട്ടുള്ള കുടിവെള്ള പദ്ധതികൾ എന്നിവയുടെ നടത്തിപ്പ് ചെലവുകൾ ഗുണഭോക്താക്കൾ തന്നെ വഹിക്കേണ്ടതാണ്. |
| (ബി) എങ്കിൽ പ്രസ്തുത ചുമതല നിർവ്വഹിക്കുന്നതിന് തടസ്സം നിൽക്കുന്ന ഏതെങ്കിലും സർക്കാർ ഉത്തരവ് നിലനിൽക്കുന്നുണ്ടോ ; | (ബി) | സർക്കാരിന്റെ 05.07.2011-ലെ 66699/എഫ്.എം3/2010/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രകാരം എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും കുടിവെള്ള - ജലസേചന സ്കീമുകളുടെ തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളും ഗുണഭോക്താക്കൾ വഹിക്കുന്ന രീതിയിൽ മാത്രമേ നടപ്പാക്കാൻ പാടുള്ളൂവെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. |
| (സി) ദരിദ്ര കോളനികളിലേക്കുള്ള കുടിവെള്ള പദ്ധതികൾ തടസ്സമില്ലാതെ പ്രവർത്തിപ്പിക്കുവാൻ ഗ്രാമ പഞ്ചായത്തുകളോട് നിർദ്ദേശിക്കാമോ ? | (സി) | നിലവിൽ ഇതിനു കഴിയുമെന്നതിനാൽ പുതിയ നിർദ്ദേശം നൽകേണ്ടതില്ല. |

സെക്ഷൻ ഓഫീസർ.